**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **06-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും വേണ്ടി അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെ നിയമപ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കമ്മീഷന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>1. യുവജനങ്ങളുടെ പരാതികൾ സ്വീകരിക്കുകയും അതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വിചാരണ നടത്തി തീർപ്പ് കൽപ്പിക്കുകയും ചെയ്യുക.<br><br>2. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br><br>3. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുക.<br><br>4. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി ഇന്റർയൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.<br><br>5. യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുക.<br><br>6. യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാം<br><br>(i) ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുക, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമാർജ്ജനം. |

| | | | |
|---|---|---|---|
| | | | (ii) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം<br><br>7. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ്<br><br>8. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി<br><br>9. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ പരിപാലനം.<br><br>10. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമ സഹായം, കൗൺസിലിംഗ്<br><br>11. യുവാക്കൾക്കുള്ള ബോധവത്ക്കരണ ജാഥ |
| (ബി) | പ്രസ്തുത കമ്മീഷന്റെ രൂപീകരണം മുതൽ നാളിതുവരെ നടത്തിയ മികച്ച പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; | (ബി) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ച കാലയളവിൽതന്നെ നിരവധി വിഷയങ്ങളിൽ കമ്മീഷൻ ഇടപെടുകയുണ്ടായി. യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളായ വിദ്യാഭ്യാസ വായ്പാ നിഷേധം, തൊഴിലിടങ്ങളിലുൾപ്പെടെ വിവിധ മേഖലകളിൽ യുവാക്കളനുഭവിക്കുന്ന അവകാശ നിഷേധം തുടങ്ങിയ വിഷയങ്ങളിൽ ലഭിച്ച പരാതികൾക്ക് പരിഹാരം തേടുന്നതിന് കമ്മീഷൻ ശ്രമിക്കുകയുണ്ടായി.<br><br>കമ്മീഷന്റെ രൂപീകരണം മുതൽ എല്ലാവർഷവും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.<br><br>2. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു.<br><br>3. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.<br><br>4. യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം നൽകുക.<br><br>5. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ് നടത്തുക. |

| | | | |
|---|---|---|---|
| | | | 6. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി.<br><br>കൂടാതെ, 2018 മുതൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുന്ന യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ എന്ന പദ്ധതിയും യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമായ ഗ്രീൻയൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുക, പരിസ്ഥിതി പ്രവർത്തനം, മാലിന്യ നിർമാർജ്ജനം എന്ന പദ്ധതിയും യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വിർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>കമ്മീഷൻ പ്രവർത്തനം ആരംഭിച്ച 2013 മുതലുള്ള വിവിധ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | യുവജനങ്ങൾക്ക് ജില്ലാതല പരിപാടികളിലൂടെ ലഹരി വിമുക്തി, കരിയർ ഗൈഡൻസ്, തൊഴിൽ നിയമ അവബോധം, പൗരബോധം എന്നിവയിൽ പ്രാവീണ്യം വരുത്തുന്നതിന് സാധ്യമാകുന്ന തരത്തിൽ പുതിയ കർമ്മപദ്ധതി ആരംഭിക്കാമോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ മദ്യം-മയക്കുമരുന്ന് ദുരുപയോഗം,റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ, വിർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഗ്രീൻ യൂത്ത് പദ്ധതി, യുവാക്കൾക്കുള്ള ബോധവത്ക്കരണ ജാഥ എന്നീ പദ്ധതികൾ കമ്മീഷൻ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കമ്മീഷൻ പ്രവർത്തനം ആരംഭിച്ച 2013-14 വർഷം മുതലുള്ള വിവിധ പ്രവർത്തനങ്ങൾ താഴെ പറയുന്നു.

2013-14

തിരുവനന്തപുരം ജില്ലയിലെ അഗസ്ത്യവനം മേഖലയിലുള്ള ആദിവാസി സെറ്റിൽമെന്റുകളിലെ അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ട തിനെ തുടർന്ന് കമ്മീഷൻ പ്രസ്തുത പ്രദേശങ്ങളിൽ സന്ദർശനം നടത്തി. പ്രസ്തുത പ്രശ്നങ്ങളും ആദിവാസികളുടെ പൊതുവായ പ്രശ്നങ്ങളും പഠിച്ച് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. അതുപോലെ അട്ടപ്പാടി മേഖലയിലെ ആദിവാസി യുവാക്കൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ പ്രദേശം സന്ദർശിച്ച് വിവിധ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ആയത് വിവിധ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്

വിദേശത്തും ഇന്ത്യയ്ക്കകത്തും പഠിക്കുന്നവർക്ക് വിദ്യാഭ്യാസ വായ്പകൾ ലഭ്യമാക്കുന്നതിൽ ബാങ്കുകൾ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നതായ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക്, സംസ്ഥാനതല ബാങ്കുകളുടെ സമിതി എന്നിവരുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് കമ്മീഷൻ യോഗം കൂടുകയും, വായ്പ അനുവദിക്കുന്നതിന് ഉത്തരവാദപരമായ സമീപനം സ്വീകരിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. ഇത്തരത്തിൽ ലഭ്യമായ പരാതികൾ പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

<u>2014- 2015 ൽ കൈകാര്യം ചെയ്ത വിഷയങ്ങളും നടത്തിയ പരിപാടികളും</u>

22--.05.2014 - കോഴിക്കോട് സന്ദർശനം - വ്യാപാര സ്ഥാപനങ്ങളിലെ വനിതകളുടെ പ്രശ്നങ്ങൾ.

05.06.2014 - വ്യാപാര സ്ഥാപനങ്ങളിലെ സ്ത്രീ ജീവനക്കാർക്ക് ഇരിക്കാൻ സൗകര്യമില്ലാത്ത വിഷയത്തിൽ തിരുവനന്തപുരത്ത് സിറ്റിംഗ്

11.06.2014 - ശ്രീചിത്രാഹോം ഹിയറിംഗ്

16.06.2014 - ടെക്നോപാർക്ക് സിറ്റിംഗ്

26.06.2014 - അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം സെമിനാർ നടത്തി.

15.07.2014 - മദ്യം മയക്കുമരുന്ന് ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി എം. എൽ.എ മാരുടെ യോഗം ഡർബാർ ഹാളിൽ

16.07.2014 - മദ്യം മയക്കുമരുന്ന് ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി യുവജന സംഘടനകളുടെ യോഗം ഡർബാർ ഹാളിൽ

08.08.2014 - മദ്യം മയക്കുമരുന്ന് വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം കോട്ടയത്ത്

16.08.2014 - പി. എം. എസ്.ഒ. കോളേജ് ഹിയറിംഗ്

16.09.2014 – തൊഴിൽ സ്ഥാപനങ്ങളിലെ വനിതകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് മന്ത്രിയുമായിട്ടുള്ള സംവാദം കനകക്കുന്ന് കൊട്ടാരത്തിൽ.

30.09.2014 – ഇൻഫോപാർക്ക് സന്ദർശനം.

08.10.2014 – അന്യ സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകളിലും, നഴ്സിംഗ് കോളേജുകളിലും പ്രവേശനം നേടുന്നവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച യോഗം തിരുവനന്തപുരത്ത്

28.10.2014 – പീരുമേട് സന്ദർശനം.

18.11.2014 – തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സന്ദർശനം.

25.11.2014 – സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെയുള്ള ദിനം – സെമിനാർ തിരുവനന്തപുരത്ത്

26.11.2014 – യൂണിവേഴ്സിറ്റി കോളേജ് ഹിയറിംഗ്

28.11.2014 – പാലക്കാട് ജയിൽ സന്ദർശനം

29.11.2014 – പറമ്പിക്കുളം സന്ദർശനം

29.12.2014 – കോഴിക്കോട് അദാലത്ത്, സെമിനാർ

30.12.2014, 31.12.2014, 01.01.2015 – വയനാട് അദാലത്ത്, സെമിനാർ

12.01.2015 – ദേശീയ യുവജന ദിനം, മോട്ടോർ വാഹനറാലി

2015-16

- തിരുവനന്തപുരം ജില്ലയിലെ കട്ടയ്ക്കോട് - വിളപ്പിൽശാല- തിരുവനന്തപുരം റൂട്ടിലെ ബസ് സർവ്വീസ് നിറുത്തിയതിനാൽ യാത്രാക്ലേശം രൂക്ഷമാണെന്ന് കാട്ടി വിദ്യാർത്ഥികൾ സമർപ്പിച്ച പരാതി കമ്മീഷൻ പരിഗണിക്കുകയും സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

- സാംസ്കാരിക വകുപ്പിൽ സ്പെഷ്യൽ റൂൾ നടപ്പാക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരത്തെ കേരള റിസർച്ച് ഫോറം സെക്രട്ടറി സമർപ്പിച്ച പരാതി പരിഗണിച്ച് വകുപ്പിൽ അടിയന്തിരമായി സ്പെഷ്യൽ റൂൾ നടപ്പിലാക്കണമെന്ന് കമ്മീഷൻ ഉത്തരവ് നൽകുകയുണ്ടായി.

- പീരുമേട് പ്രദേശത്തെ തോട്ടം തൊഴിലാളികൾ ലയങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥിതി സംബന്ധിച്ച് പരിഹാര നടപടികൾ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു കൊണ്ട് വിഷയം വീണ്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

- തിരുവനന്തപുരം സി.ഇ.റ്റി. എഞ്ചിനിയറിംഗ് കോളേജിൽ ജീപ്പിടിച്ച് വിദ്യാർത്ഥിനി മരിക്കാനിടയായ സംഭവത്തിൽ കമ്മീഷൻ ഹിയറിംഗ് നടത്തുകയും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാനാവശ്യമായ നിർദ്ദേശങ്ങൾ അധികൃതർക്ക് നൽകുകയുണ്ടായി.

- തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് ലഭിച്ച പരാതി പരിഗണിച്ച് കമ്മീഷൻ ആശുപത്രി സന്ദർശിക്കുകയും ഉചിതമായ പരിഹാര നടപടികൾക്കായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

- കോഴിക്കോട് ഫാറൂഖ് കോളേജിൽ പെൺകുട്ടികളോട് വിവേചനം നിലനിൽക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കമ്മീഷൻ കോളേജിലെത്തി ഹിയറിംഗ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനും സർവകലാശാലയ്ക്കും കോളേജിനും നിർദ്ദേശം നൽകുകയുണ്ടായി.

- യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളായ വിദ്യാഭ്യാസ വായ്പാ നിഷേധം, തൊഴിലിടങ്ങളിലെ അവകാശ നിഷേധം, മറ്റ് വിവിധ മേഖലകളിൽ യുവാക്കളനുഭവിക്കുന്ന അവകാശ നിഷേധം തുടങ്ങിയ വിഷയങ്ങളിൽ ഇതിനോടകം ലഭിച്ച വിവിധ പരാതികൾക്ക് പരിഹാരം തേടുന്നതിന് കമ്മീഷൻ ശ്രമിക്കുകയുണ്ടായി.

<u>2016-17</u>

- റവന്യൂ അധികാരികൾ തെറ്റായ വരുമാന സർട്ടിഫിക്കറ്റ് അനുവദിച്ചതിനാൽ നിഷേധിക്കപ്പെട്ട ഫീസ് ആനുകൂല്യങ്ങളും ബാങ്ക് വായ്പയും അനുവദിയ്ക്കണമെന്ന വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയ്ക്ക് യഥാർത്ഥ വരുമാനത്തിനനുസരിച്ചുള്ള ഫീസ് ആനുകൂല്യങ്ങൾ അനുവദിച്ച് ആരോഗ്യ വകുപ്പ് ഉത്തരവാകുകയും ബാങ്ക് അധികൃതർ വായ്പ അനുവദിക്കുകയും ചെയ്യുകയുണ്ടായി.

- നഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഫീസ് ഘടനയ്ക്ക് വിരുദ്ധമായി അനധികൃതമായി ഫീസ് ഈടാക്കിയ നഴ്സിംഗ് സ്കൂളിനെതിരെ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ഈടാക്കിയ ഫീസ് നഴ്സിംഗ് സ്കൂളധികൃതർ പരാതിക്കാരിയ്ക്ക് തിരികെ നല്കുകയും, കമ്മീഷന്റെ നിർദ്ദേശം ഉൾപ്പെടുത്തി നഴ്സിംഗ് സ്കൂളുകളുടെ ഫീസ് ഘടന നിശ്ചയിക്കാൻ നഴ്സിംഗ് കൗൺസിൽ തീരുമാനിയ്ക്കുകയും ചെയ്തു.

- ചികിത്സാ പിഴവ് മൂലം മൂന്ന് മാസം പ്രായമായ കുട്ടി മരിയ്ക്കാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിയ്ക്കാനും അർഹമായ നഷ്ടപരിഹാരം അനുവദിയ്ക്കാനും കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ മാതാപിതാക്കൾക്ക് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

- കായംകുളം വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ വിദ്യാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കോളേജ് സന്ദർശിച്ച് സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി പീഢനം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- കോട്ടയം മറ്റക്കര ടോംസ് കോളേജിലെ വിദ്യാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കോളേജ് സന്ദർശിക്കുകയും കോളേജിന്റെ പ്രവർത്തനം, അംഗീകാരം, ഫീസ് ഘടന മുതലായ വിഷയങ്ങളിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിയ്ക്കാൻ സാങ്കേതിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നല്കികൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

- പാമ്പാടി നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട വാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും കമ്മീഷനംഗം ശ്രീ.റ്റി.പി.ബിനീഷ് കോളേജ് സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ വ്യക്തി സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും ഹനിയ്ക്കുന്ന തരത്തിലുള്ള പ്രതിലോമകരമായ നടപടികൾ കോളേജ് അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകുവാൻ പാടില്ലായെന്നും സുഗമമായ അദ്ധ്യയനം എല്ലാ കോളേജുകളിലും ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്നും ഉന്നത വിദ്യാഭ്യാസ

വകുപ്പിന് നിർദ്ദേശം നല്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

- ആദിവാസി വിഭാഗക്കാരുടെ കോളനികളായ വയനാട് ജില്ലയിലെ മാന്താനം കോളനി, അക്കൊല്ലി കോളനി, ഇടുക്കി ജില്ലയിലെ ഇടമലക്കുടി എന്നിവിടങ്ങൾ സന്ദർശിക്കുകയും ഓരോ കോളനികളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ശുപാർശ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

2017-2018-19

## കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശുപാർശകൾ

- നിലവിൽ നല്കി വരുന്ന തൊഴിൽ രഹിത വേതനവും, തൊഴിൽ രഹിത വേതനം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് തൊഴിൽ വകുപ്പിന് ശുപാർശ സമർപ്പിച്ചു.
- സഹകരണ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് അവരുടെ തൊഴിലിന് തടസ്സം വരാത്ത രീതിയിൽ സഹകരണത്തിൽ ഡിപ്ലോമ കോഴ്സുകൾ പൂർത്തിയാക്കുന്നതിന് JDC/HDC സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പിന് ശുപാർശ സമർപ്പിച്ചു.
- കേന്ദ്ര ജി.എസ്.റ്റി. കൗൺസിലിന് സ്ത്രീകളുടെ സാനിറ്ററി പാഡിന് ജി.എസ്.റ്റി. കുറയ്ക്കുന്നതിന് ശുപാർശ സമർപ്പിച്ചു.
- എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയായ 'വിമുക്തി' ജയിലുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നത് ശുപാർശ സമർപ്പിച്ചു.
- ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ വിദ്യാർത്ഥികളോടൊപ്പം സ്കൂളുകളിൽ തന്നെ സമയം ചെലവഴിക്കേണ്ടി വരുന്നതിനാൽ ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് കൈതൊഴിൽ പരിശീലനം നല്കുന്നത് ശുപാർശ സമർപ്പിച്ചു.
- നിയമ വിദ്യാഭ്യാസം സ്കൂൾ/കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന് ശുപാർശ സമർപ്പിച്ചു.
- വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ ത്വരിത ഗതിയിലാക്കുന്നതിനും കമ്മീഷൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- എക്സൈസ് വകുപ്പിന്റെ സഹായത്തോടെ മദ്യം, മയക്കു മരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വ്യാപനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എക്സൈസ് വകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- തൊഴിലിടങ്ങളിലെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ചൂഷണം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തൊഴിലും നൈപുണ്യവും വകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
- നഴ്സുമാർക്ക് റിസ്ക് അലവൻസ് അനുവദിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

## കമ്മീഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങൾ

1. നവകേരള നിർമ്മിതിക്കായി യുവജനങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നിനായി "മൈകേരള" പദ്ധതി നടപ്പിലാക്കി.
2. പ്രളയത്തെ തുടർന്ന് തകർന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും താമസ സ്ഥലങ്ങളും വൃത്തിയാക്കുന്നതിന് കമ്മീഷൻ സന്നദ്ധപ്രവർത്തനം ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആറന്മുള ഏഴിക്കാട് കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ, ഹെൽത്ത് സെന്റർ, അംഗനവാടി, കോളനി എന്നീ സ്ഥലങ്ങൾ സന്നദ്ധപ്രവർത്തകരും, കമ്മീഷൻ ഉദ്യോഗസ്ഥരും ചേർന്ന് വൃത്തിയാക്കിട്ടുണ്ട്.
3. ചലച്ചിത്ര അക്കാദമിയുമായി സഹകരിച്ച് 2018 ഡിസംബറിൽ സംഘടിപ്പിക്കപ്പെട്ട IFFK യിൽ കമ്മീഷന്റെ ബോധവത്ക്കരണ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്നു. കമ്മീഷന്റെ

പ്രവർത്തനങ്ങളെ ആസ്പദമാക്കി ഒരു സ്റ്റാളും നടത്തിയിരുന്നു.

4. വിദ്യാർത്ഥികളുടെ പരാതികളെ തുടർന്ന് പെരിങ്ങമല ഇക്ബാൽ കോളേജ്, കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, നിറമൺകര എൻ.എസ്.എസ്.കോളേജ് ഫോർ വിമൻ എന്നിവ സന്ദർശിക്കുകയും പരാതിപരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുകയും, ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.
5. ആൾക്കൂട്ട കൊലപാതകത്തിനിരയായ മധു, ദുരഭിമാന കൊലപാതകത്തിനിരയായ കെവിൻ, മഹാരാജാസ് കോളേജിൽ കൊല്ലപ്പെട്ട അഭിമന്യു, പോലീസ് അറസ്റ്റ് ചെയ്തതിൽ ആത്മഹത്യ ചെയ്ത വിനായകൻ എന്നിവരുടെ വീടുകൾ സന്ദർശിക്കുകയും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.
6. അന്തേവാസിയുടെ പരാതിയെ തുടർന്ന് ശ്രീ.ചിത്രാ പുവർഹോം സന്ദർശിക്കുകയും സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ നിരീക്ഷണങ്ങൾ റിപ്പോർട്ടാക്കി സർക്കാരിനു സമർപ്പിക്കുകയും ചെയ്തു.

യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൽ കമ്മീഷൻ സ്വമേധയാ ഇടപെടൽ നടത്തുകയും പരിഹാരം കണ്ടെത്തുകയും ചെയ്തിരുന്നു. ഇപ്രകാരം താഴെ പറയുന്ന 31 സംഭവങ്ങളിൽ കമ്മീഷൻ സ്വമേധയാ കേസ് എടുത്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ് കമ്മീഷൻ ഓഫീസിൽ എല്ലാ മാസവും ഹിയറിംഗുകൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്.

1. കോഴിക്കോട് വെച്ച് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടയാളെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച പത്രവാർത്തയിൻമേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.
2. സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്തു വരുന്ന ശ്രീജിത്തിന്റെ സുഹൃത്ത് ആൻഡ്രൂസിനെ ഒരു സംഘം ആൾക്കാർ മർദ്ദിച്ചുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ തിരുവനന്തപുരം സിറ്റി പോലീസ് മേധാവിക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.
3. ആലപ്പുഴ കെ. വി.എം. ആശുപത്രിയിലെ നഴ്സുമാരുടെ സമരം സംബന്ധിച്ച പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ, ആലപ്പുഴ ജില്ലാ പോലീസ് മേധാവി, കെ.വി.എം. ആശുപത്രി മാനേജ്മെന്റ് പ്രതിനിധി എന്നിവരെ നേരിൽ കേൾക്കുകയും പ്രശ്നം പരിഹരിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.
4. അട്ടപ്പാടിയിൽ മധു എന്ന യുവാവിനെ മോഷണം ആരോപിച്ച ആൾക്കൂട്ടം മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുത്ത് അട്ടപ്പാടിയിൽ മധുവിന്റെ വീട് സന്ദർശിച്ച് പോലീസ് മേധാവിയിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.
5. മലപ്പുറം ജില്ലയിൽ കലാകാരിക്ക് ഊരു വിലക്ക് ഏർപ്പെടുത്തിയെന്ന പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.
6. പി.എസ്.സി നടത്തുന്ന മത്സരപരീക്ഷകളുടെ ഹാൾടിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിലെ അപാകത – ഒരേ സമയത്ത് ഹാൾടിക്കറ്റ് ഡൌൺലോഡ് ചെയ്യുന്നവർക്ക് അടുത്തടുത്ത റോൾ നമ്പർ ലഭിക്കുന്നത് കോപ്പിയടിക്ക് കാരണമാകുമെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും അപാകത പരിഹരിക്കാൻ പി.എസ്.സി. യ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.
7. നീറ്റ് പരീക്ഷയുടെ സമയത്ത് നടത്തുന്ന ദേഹപരിശോധന സംബന്ധിച്ച പത്രവാർത്തയെ തുടർന്ന് പരീക്ഷാർത്ഥികളുടെ സ്വകാര്യത മാനിച്ചുകൊണ്ടുള്ള പരിശോധന നടത്തുന്നതിന് സി.ബി.എസ്.ഇ. റീജിയണൽ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

8. പത്തനംതിട്ട ജില്ലയിലെ ജസ്ന എന്ന പെൺകുട്ടിയെ കാണാതായെന്ന പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും അനന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ജസ്നയുടെ വീട് കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും സന്ദർശിച്ചിരുന്നു.
9. മൾട്ടിപ്ലക്സുകളിൽ കുടിവെള്ളം കൊണ്ടുപോകാൻ അനുവദിക്കാത്തത് സംബന്ധിച്ച് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും കുടിവെള്ളം കൊണ്ടുപോകാൻ പറ്റുന്ന സാഹചര്യം ഒരുക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പിനും സാംസ്കാരിക വകുപ്പിനും നിർദ്ദേശം നല്കിയിട്ടുണ്ട്.
10. പ്രതിരോധ മന്ത്രാലയം വിവിധ തസ്തികകളിലേയ്ക്ക് നടത്തുന്ന റിക്രൂട്ടിംഗിന് ഫീസ് ഈടാക്കുന്നുവെന്ന വിഷയം കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും ഫീസ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രതിരോധ മന്ത്രാലയത്തിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.
11. കെവിൻ എന്ന യുവാവിനെ കൊലപ്പെടുത്തിയത് സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും ആവശ്യമായ നടപടികൾ എടുത്തിട്ടുള്ളതുമാണ്.
12. പാലക്കാട് അഹല്യ ഫൌണ്ടേഷനിലെ വിവിധ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച പത്രവാർത്തയെ തുടർന്ന് കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും സിറ്റിംഗ് നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ജില്ലാ ലേബർ ഓഫീസർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.
13. കൊല്ലത്ത് യുവാവ് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും ആവശ്യമായ നടപടികൾ എടുത്തിട്ടുള്ളതുമാണ്.
14. എറണാകുളം മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരുന്ന അഭിമന്യുവിന്റെ കൊലപാതകം സംബന്ധിച്ച പത്രവാർത്തയിന്മേൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും എറണാകുളം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും അനന്ത നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.
15. BEd/MEd, കോഴ്സുകളുടെ സമയപരിധി ദീർഘിപ്പിച്ചതിനനുസരിച്ച് സിലബസിൽ മാറ്റം വരുത്തിയിട്ടില്ലായെന്നത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും കോഴ്സിന്റെ ദൈർഘ്യത്തിനനുസരിച്ച് സിലബസ് പരിഷ്കരിക്കാൻ ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
16. കൊല്ലം കൊട്ടിയത്ത് വച്ച് സനോഫർ എന്ന വിദ്യാർത്ഥിയെ പോലീസ് മർദ്ദിച്ചുവെന്ന പത്രവാർത്തയിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും ചെയ്തിട്ടുണ്ട്.
17. സ്വാശ്രയ കോളേജുകളിൽ സംഘടനാ പ്രവർത്തന സ്വാതന്ത്ര്യമുണ്ടാകണമെന്നും കലാലയ ജനാധിപത്യ വേദികൾ നിർബന്ധമാക്കണമെന്നും ശിപാർശ നൽകിയിട്ടുണ്ട്.
18. മലപ്പുറം മഞ്ചേരിയിൽ ആൾക്കൂട്ടം കെട്ടിയിട്ട് മർദ്ദിച്ച യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
19. കൊച്ചിയിൽ യൂബർ ഈറ്റ്സ് ഡെലിവറി ബോയിയെ ഹോട്ടൽ ഉടമ മർദ്ദിച്ച സംഭവത്തിൽ, കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും എറണാകുളം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
20. ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട ശീതൾ ശ്യാം എന്നയാൾക്ക് കോഴിക്കോട് ലോഡ്ജിൽ മുറി നിഷേധിച്ചുവെന്ന വാർത്ത കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.
21. കാസർഗോഡ് കേന്ദ്ര കേരള സർവ്വകലാശാലയിലെ വിദ്യാർത്ഥി ആത്മഹത്യയ്ക്ക് ശ്രമിച്ചത് സംബന്ധിച്ച പത്രവാർത്തയിൽ സർവ്വകലാശാലയുടേയും ജില്ലാ പോലീസ് മേധാവിയുടേയും റിപ്പോർട്ട് ലഭ്യമാക്കുകയും തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കമ്മീഷൻ

സർവ്വകലാശാല അസ്ഥാനത്തെത്തി വൈസ് ചാൻസിലർ, പി.വി.സി, വിദ്യാർത്ഥികൾ എന്നിവരുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കാൻ വേണ്ട ഇടപെടൽ നടത്തി.

22. ദേശീയ ഗെയിംസ് മെഡൽ ജേതാവായ ശാരികയുടെ കുടുംബത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച പത്രവാർത്തയെ തുടർന്ന്, കായികതാരത്തിന് തൊഴിൽ നല്കുന്നതിന് കായിക വകുപ്പിനും പൊതുഭരണ വകുപ്പിനും, സർവ്വീസസ് (ഡി) വകുപ്പിനും കത്ത് നല്കിയിട്ടുണ്ട്.
23. കോവളം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി എന്ന സ്ഥാപനത്തിലെ വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, കോളേജ് സന്ദർശിക്കുകയും കോളേജ് അധികൃതർക്ക് വിദ്യാർത്ഥി സൌഹൃദ നിലപാടുകൾ സ്വീകരിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തു.
24. നെയ്യാറ്റിൻകരയിൽ പോലീസ് ഉദ്യോഗസ്ഥൻ തള്ളിയിട്ടതിനെ തുടർന്ന് യുവാവ് വാഹനം തട്ടി മരിച്ചത് സംബന്ധിച്ച് തിരുവനന്തപുരം റൂറൽ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.
25. കൊല്ലം ഫാത്തിമ കോളേജിലെ വിദ്യാർത്ഥി ട്രെയിൻ തട്ടി മരിച്ച കേസിൽ കോളേജ് പ്രിൻസിപ്പാൾ കൊല്ലം ജില്ലാ പോലീസ് മേധാവി എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.
26. സഹകരണ അപെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി മുഖേന നടത്തുവാൻ സഹകരണ വകുപ്പിന്റെ റിപ്പോർട്ട് തേടുകയും ചെയ്തിട്ടുണ്ട്.
27. വിവിധ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനം നടക്കുന്നില്ലായെന്ന വസ്തുത കമ്മീഷൻ മനസ്സിലാക്കുകയും ബന്ധപ്പെട്ടവർക്ക് ശുപാർശ നല്കുകയും ചെയ്തിട്ടുണ്ട്.
28. പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരളത്തിൽ ലഭിക്കേണ്ട ജലം തമിഴ്നാട് സർക്കാർ കനാൽ അടച്ചതുമൂലം ലഭിക്കാത്തത് സംബന്ധിച്ച് യുവാക്കൾ നൽകിയ പരാതി അന്തർ സംസ്ഥാന നദീജല തർക്ക സെല്ലിന് നടപടി സ്വീകരിക്കുവാൻ അയച്ചുകൊടുത്തിട്ടുണ്ട്.
29. കൊല്ലത്ത് യുവതിയെ പട്ടിണിക്കിട്ട് കൊന്നുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നല്കുകയും ചെയ്തു.
30. വാരാപ്പുഴ കസ്റ്റഡി മരണം -പോലീസ് കസ്റ്റഡിയിൽ എടുത്ത ശ്രീജിത്ത് എന്ന യുവാവ് മരണപ്പെട്ട സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസ് എടുക്കുകയും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് തേടുകയും ചെയ്തു.

<u>2019-20-2021</u>

1. യുവജന കമ്മീഷൻ ഇടപെട്ട് കാസർകോട് ജില്ലയിലെ ഉൾഗ്രാമമായ പുത്തിഗെ പള്ളത്ത് താമസിക്കുന്ന ധർമ്മത്തടുക്കയിലെ അബ്ദുൾ ഹമീദിന്റെയും ആയിഷത്ത് മിസ്റയുടെയും മകളായ നാലു വയസുകാരി ഫാത്തിമത്ത് ഷഹലയുടെ അടിയന്തിര ചികിത്സക്കായി ചെന്നൈയിലേക്ക് എത്താനുള്ള ആംബുലൻസ് സഹായം ലഭ്യമാക്കി.
2. കോവിഡ് 19 സാഹചര്യത്തിൽ നിയന്ത്രണങ്ങൾ തുടരുന്നതിനാൽ പരാതി പരിഹാരത്തിന് ഏർപ്പെടുത്തിയ കമ്മീഷന്റെ ഓൺലൈൻ സൗകര്യം ഉപയോഗപ്പെടുത്തി കായിക സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടതിനാൽ സ്പോർട്സ് ക്വാട്ടയിൽ സർക്കാർ ജോലിക്ക് അപേക്ഷിക്കാൻ നിർവാഹമില്ല എന്ന പരാതിയുമായി സമീപിച്ച ആലപ്പുഴ ചേർത്തല വാരനാട് സ്വദേശി വി ആർ രാഹുലിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കി എത്തിച്ച് നൽകുകയും ചെയ്തു.
3. വിവാഹ ബന്ധങ്ങളിലെ സാമ്പത്തിക ചൂഷണം തുടർക്കഥയാവുകയും പല പെൺകുട്ടികൾക്കും ഇതിന്റെ പേരിൽ ജീവൻ തന്നെ നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ സാമൂഹിക പ്രസക്തമായ ബോധവൽക്കരണ ക്യാമ്പയിന്

യുവജന കമ്മീഷൻ തുടക്കം കുറിച്ചു. ക്യാമ്പയിന്റെ ഭാഗമായി സൗജന്യ നിയമസഹായ സെൽ കമ്മീഷൻ ഒരുക്കിയിട്ടുണ്ട്.

4. വിക്ടേഴ്സ് ചാനലിൽ ക്ലാസെടുത്ത അധ്യാപകരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ അപമാനിച്ചവർക്കെതിരെ യുവജന കമ്മീഷൻ സ്വമേധയാ കേസ് എടുത്തു. സർക്കാർ സംവിധാനങ്ങളും അധ്യാപകരുമെല്ലാം വിശ്രമമില്ലാതെ കർമ്മനിരതരാകുമ്പോൾ അവരെ അപമാനിച്ച് ആത്മനിർവൃതി കൊള്ളുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

5. തിരുവനന്തപുരം കണിയാപുരത്ത് യുവതിയെ ഭർത്താവും സുഹൃത്തുക്കളും ചേർന്ന് മദ്യം കുടിപ്പിച്ചശേഷം കൂട്ടബലാത്സംഗം ചെയ്ത സംഭവത്തിൽ യുവജനകമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും യുവതിക്ക് നീതി ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

6. കാഞ്ഞിരപ്പള്ളിയിലെ കോളേജ് വിദ്യാർത്ഥിനിയുടെ മരണത്തിൽ യുവജനകമ്മീഷൻ സ്വമേധയ കേസെടുത്തു. സംഭവത്തിൽ ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. അടിയന്തിര അന്വേഷണം നടത്തി.

7. കരൾരോഗം ബാധിച്ച ചികിത്സയിലായിരുന്ന ആറുമാസം പ്രായമുള്ള മുഹമ്മദ് അഹ്സാൻ സംസ്ഥാന യുവജന കമ്മീഷൻ ഇടപെടലിനെതുടർന്ന് ചികിത്സാ സഹായം ലഭിച്ചു. കരൾ മാറ്റിവെക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 15 ലക്ഷം രൂപയാണ് അനുവദിച്ചത്. നിർദ്ധന കുടുംബാംഗമായ കൊല്ലം തിരുമുല്ലവാരം സ്വദേശി സിറാജുദീന്റെ മകനായ അഹ്സാൻ തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കരൾ മാറ്റിവെക്കാനാണ് ഡോക്ടർ നിർദേശിച്ചത്. ശസ്ത്രക്രിയക്കായി എറണാകുളം ആസ്റ്റർ മെഡ്സിറ്റിയിലേക്ക് മാറ്റി. കരൾ പകുത്തുനൽകാൻ കുഞ്ഞിന്റെ മാതാവ് തയ്യാറായെങ്കിലും ശാസ്ത്രക്രിയക്കുള്ള ഭീമമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പിതാവ് യുവജന കമ്മീഷനെ സമീപിക്കുകയായിരുന്നു. ഇതിനെത്തുടർന്നാണ് കമ്മീഷനും യുവജനകാര്യ വകുപ്പ് മന്ത്രി ഇ പി ജയരാജനും പണം അനുവദിക്കാൻ അടിയന്തിര ശിപാർശ നൽകിയത്. സാമൂഹ്യ സുരക്ഷാ മിഷന്റെ 'വി കെയർ' പദ്ധതിയിൽപ്പെടുത്തി ശസ്ത്രക്രിയ നടത്തിയ ആസ്റ്റർ മെഡ്സിറ്റിയുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തത്.

8. വിവാഹത്തിൽ നിന്ന് വരൻ പിന്മാറിയതിൽ മനംനൊന്ത് കൊല്ലം കൊട്ടിയം സ്വദേശിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. വിഷയത്തിൽ ജില്ലാ പോലീസ് മേധാവിയുടെ സമഗ്രമായ റിപ്പോർട്ട് രണ്ടാഴ്ചകകം നൽകാനായി യുവജന കമ്മീഷൻ ആവശ്യപ്പെടുകയും നീതി ഉറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു.

9. എറണാകുളത്ത് വഴിയോരത്ത് ബിരിയാണി കച്ചവടം നടത്തുന്ന ട്രാൻസ്ജെൻഡർക്ക്നേരെ സാമൂഹ്യവിരുദ്ധർ നടത്തിയ ആക്രമണത്തിൽ യുവജനകമ്മീഷൻ സ്വമേധയാ കേസെടുത്തു. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും യുവതിക്ക് ആവശ്യമായ സഹായവും സുരക്ഷയും ഉറപ്പാക്കാനും തൊഴിലെടുത്ത് ജീവിക്കാനുള്ള സാഹചര്യം ഒരുക്കാനും എറണാകുളം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.

10. യുവനടിയെ പൊതുസ്ഥലത്ത് ആക്രമിച്ച സംഭവത്തിൽ യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. ഈ വിഷയത്തിൽ പോലീസിൽ നിന്നും നീതി ഉറപ്പാക്കണമെന്നും അടിയന്തിര റിപ്പോർട്ട് സമർപ്പിക്കണമെന്നും യുവജന കമ്മീഷൻ ആവശ്യപ്പെട്ടു.

11. പാലക്കാട് തേങ്കുറുശ്ശിയിലെ യുവാവിന്റെ കൊലപാതകത്തിൽ യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. പാലക്കാട് സീതാർകുണ്ഡിൽ രണ്ട് യുവാക്കൾ കൊക്കയിൽ

വീണ സംഭവത്തിൽ വ്യൂ പോയിന്റിൽ സുരക്ഷാ കൈവരി സ്ഥാപിക്കണമെന്ന വിഷയത്തിൽ വനം വകുപ്പിന് യുവജന കമ്മീഷൻ ശിപാർശ നൽകി. ഇതു സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കാനും കമ്മീഷൻ ആവശ്യപ്പെട്ടു.

12. യുവാക്കളുടെ ഓൺലൈൻ ചൂതാട്ടത്തോടുള്ള ഭ്രമം അപകടകരമെന്നും ഇതിനെതിരെയുള്ള ബോധവത്കരണം ഊർജിതമാക്കണമെന്നും ഓൺലൈൻ ചൂതാട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നവർ തന്നെ വായ്പകൾ നൽകി യുവാക്കളെ ചതിയിൽപെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം ചൂതാട്ടങ്ങൾ സംഘടിപ്പിക്കുന്ന ഏജൻസികൾക്കെതിരെ പൊലീസ് അന്വേഷണത്തിന് സംസ്ഥാന പൊലീസ് മേധാവിക്ക് കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ട്.

13. കയർ ഫെഡിൽ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് എൽഡിസി റാങ്ക് ഹോൾഡർമാർ നൽകിയ പരാതിയിൽ റിപ്പോർട്ട് ആവശ്യപ്പെട്ടതിൽ എൽഡിസി ഒഴിവുകളും മറ്റു തസ്തികകളിലെ 32 ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തതായി കയർഫെഡ് മാനേജിങ് ഡയറക്ടർ രേഖാമൂലം കമ്മീഷനെ അറിയിച്ചു.

14. കോട്ടയത്ത് കോവിഡ് കാലത്ത് വെട്ടിക്കുറച്ച ശമ്പളം ലഭിക്കാൻ സ്വകാര്യ ആശുപത്രിയിലെ നേഴ്സ് സംസ്ഥാന യുവജന കമ്മീഷന് നൽകിയ പരാതിയിൽ പരിഹാരമായി. കമ്മീഷൻ നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ശമ്പള കുടിശ്ശിക പൂർണമായി കൊടുത്തു തീർത്തു.

15. കോട്ടയം കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിലെ വിദ്യാർഥികളുടെ ഇ ഗ്രാന്റ് സംബന്ധിച്ച പരാതി കമ്മീഷൻ ഇടപെട്ട് തീർപ്പാക്കി.

16. പത്തനംതിട്ട, സ്വകാര്യ എൻജിനീയറിങ് കോളേജിലെ അധ്യാപകർക്ക് ശമ്പളം വെട്ടിക്കുറയ്ക്കുകയും നൽകാതിരിക്കുകയും ചെയ്തതെന്ന പരാതി സംസ്ഥാന യുവജന കമ്മിഷൻ ഇടപെട്ട് പരിഹരിച്ചു.

17. കോവിഡിനെത്തുടർന്നുണ്ടായ ലോക്ക്ഡൌൺ കാലത്ത് വിദ്യാർഥികളിൽനിന്ന് സ്വാശ്രയ കോളേജുകൾ റഗുലർ ക്ലാസ് ഇല്ലാത്തപ്പോഴും ഫീസിളവ് നൽകാതെ സാധാരണ ഫീസ് വാങ്ങുന്നു എന്ന പരാതി അനുഭാവപൂർവ്വം പരിഗണിച്ച് പൊതുനിർദ്ദേശം നൽകുന്നതിനായി സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു.

18. ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം സംബന്ധിച്ച പരാതി കമ്മീഷനിൽ ലഭ്യമായപ്പോൾ ആയത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷ കമ്മീഷണറോട് റിപ്പോർട്ട് ആരാഞ്ഞിരുന്നു. ആയതിനുള്ള മറുപടിയായി, സംസ്ഥാനത്തെ വനിതാ ഹോസ്റ്റൽ ഉൾപ്പെടെയുള്ള വിവിധ ഹോസ്റ്റലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഭൌതിക സാഹചര്യവും ശുചിത്വ മാനദണ്ഡങ്ങളും ഉറപ്പ് വരുത്തുന്നതിനും വേണ്ടി "Operation FISH (Food Inspection @ Student's Hostel)" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കാൻ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയതായി അറിയിച്ചിരുന്നു. തുടർന്ന് സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളിലെ ഭക്ഷണം, കുടിവെള്ളം എന്നിവയുടെ ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നതിന് "Operation FISH" പദ്ധതിയിൽ ടി ഹോസ്റ്റലുകളെക്കൂടി ഉൾപ്പെടുത്താൻ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

19. ഇന്ത്യയിൽ ആദ്യമായി കേരളത്തിലെ വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി നടപ്പാക്കിയ ആനിമൽ ഹാൻഡിലിങ് ഇൻ സൂ ആൻഡ് ഫോറസ്റ്റ് എന്ന കോഴ്സ് പഠിച്ചിറങ്ങിയ വിദ്യാർഥികൾക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നില്ല എന്ന് കാണിച്ച് ഉദ്യോഗാർഥി നൽകിയ പരാതിയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ (സ്പെഷൽ റിക്രൂട്ട്മെന്റ്, ജനറൽ റിക്രൂട്ട്മെന്റ്) അധിക യോഗ്യതയായി പ്രസ്തുത കോഴ്സ് പരിഗണിക്കണമെന്നും വനം, മൃഗശാലവകുപ്പുകളിൽ ഇവർക്ക് ലഭ്യമാക്കാൻ കഴിയുന്ന

തൊഴിലവസരങ്ങൾ സംബന്ധിച്ച് പരിശോധിക്കണമെന്നും സർക്കാരിനോട് ശിപാർശ ചെയ്തു.

20. ഭിന്നശേഷിക്കാരുടെ ക്രമം അട്ടിമറിക്കപ്പെട്ടതിനെതുടർന്ന് നിയമനം ലഭിക്കാതിരുന്ന നാറാത്ത് നളിനത്തിൽ കെ.പി.നിതീഷിന് കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് അസിസ്റ്റന്റ് പ്രൊഫസറായി കോളേജിലേയ്ക്ക് നിയമിക്കുമെന്ന അഡ്വൈസ് മെമ്മോ ലഭിച്ചു.

<u>ലോക്ക് ഡൌണിന്റെ പശ്ചാത്തലത്തിൽ കമ്മീഷൻ നടത്തിയ പ്രവർത്തനങ്ങൾ</u>

ലോകത്താകമാനം കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് കേരളം ലോക്ഡൌണിലേക്ക് പോയ പശ്ചാത്തലത്തിൽ ജനജീവിതം ദുഷ്കരമാവാതിരിക്കാൻ യുവജന കമ്മീഷൻ കരുതലോടെ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ സേവനസന്നദ്ധരായ യുവജനങ്ങളെ ഗൂഗിൾ ഫോം മുഖേന രജിസ്റ്റർ ചെയ്യിക്കുകയും വിന്യസിക്കുകയും ചെയ്തു. പിന്നീട് സംസ്ഥാന സർക്കാർ നിലവിൽ ഉണ്ടായിരുന്ന സന്നദ്ധം പോർട്ടൽ വിപുലീകരിക്കാൻ തീരുമാനിച്ചതിനെ തുടർന്ന് യൂത്ത് ഡിഫൻസ് ഫോഴ്സ് ആയതിൽ ചേർക്കുകയുണ്ടായി. ലോക്ക് ഡൌൺ കാലത്ത് കേരളം അനുഭവിക്കാവുന്ന പ്രശ്നങ്ങളെ ദീർഘവീക്ഷണത്തോടെ മനസിലാക്കിയാണ് പ്രവർത്തന മേഖലകൾ ആസൂത്രണം ചെയ്തത്.

ടി മേഖലകളിൽ നിന്നും അപ്പപ്പോൾ ഉയർന്നുവന്ന പ്രശ്നങ്ങളുടെ സ്വഭാവത്തിനനുസരിച്ച് പുതിയ പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതായി വന്നു. ലോക്ക്ഡൌൺ കാലത്ത് 24 മണിക്കൂറും പ്രവർത്തന സന്നദ്ധമായ നിലയിൽ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെ സഹായത്തോടെ - സംസ്ഥാന കോ- ഓർഡിനേറ്റർമാർ - ജില്ലാ കോ-ഓർഡിനേറ്റർമാർ- സന്നദ്ധപ്രവർത്തകർ എന്നിവർ ശൃംഘലബന്ധിതമായി പ്രവർത്തനങ്ങളെ സംഘടിപ്പിക്കുകയാണ് ചെയ്തത്. ലോക്ക്ഡൌൺ പ്രഖ്യാപിച്ച ദിവസം തന്നെ രാവിലെ സൂം ആപ്ലിക്കേഷനിൽ കോ-ഓർഡിനേറ്റർമാരുടെ വീഡിയോ കോൺഫറൻസ് ചേർന്നാണ് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കിയത്. തുടർന്ന് ഒന്നിടവിട്ട ദിനങ്ങളിൽ റിവ്യൂ മീറ്റിങ്ങുകൾ സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ ചേരുകയും ക്രമപ്പെടുത്തുകയും ചെയ്തിരുന്നു. പ്രവർത്തനങ്ങളുടെ മേഖലകളും വിശദാംശങ്ങളും ചുവടെ,

1. ലോക്ക്ഡൌൺ ആയതിനാൽ അവശ്യസാധന/അവശ്യമരുന്ന് എത്തിച്ചു നൽകാനുള്ള സന്നദ്ധപ്രവർത്തകരുടെ സേവനം
2. തിരുവനന്തപുരം ആർ.സി.സി.യിൽ ചികിൽസയിലുള്ള സംസ്ഥാനത്തെ 14 ജില്ലകളിലെയും രോഗികൾക്ക് ഫയർ ഫോഴ്സിന്റെ സഹായത്തോടെ മരുന്ന് എത്തിക്കൽ.
3. പ്രാദേശികമായ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമല്ലാത്ത അവശ്യമരുന്നുകൾ 4 ജില്ലകളിലെയും അവശ്യക്കാർക്ക് ലഭ്യമാക്കൽ
4. 'പുസ്തകക്കൂട്ട്,' - ഐസൊലേഷനിൽ കഴിയുന്ന വ്യക്തികൾക്ക് വായിക്കാൻ പുസ്തകമെത്തിച്ചു കൊടുക്കുന്ന് പ്രവർത്തനം
5. സംസ്ഥാനത്തെ ലോക്ക്ഡൌൺ കാലത്ത് വീടുകളിൽ മാനസികോല്ലാസത്തിനും വായനക്കും സഹായകമായി പ്രാദേശിക വായനാശാലകളിൽ നിന്നും പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചു നൽകൽ
6. രക്തദാനത്തിനായി സ്വയം സന്നദ്ധരായ പ്രവർത്തകരെ ഉറപ്പാക്കൽ
7. മാനസിക രോഗികൾക്ക് തിരുവനന്തപുരം മാനസികാരോഗ്യ മെഡിക്കൽ സെന്ററിൽ നിന്നും മരുന്ന് എത്തിച്ചു നൽകൽ
8. അന്യസംസ്ഥാനത്തേക്കും അന്യരാജ്യത്തേക്കും മരുന്ന് എത്തിക്കുന്നതിനുള്ള സഹായക സംവിധാനം
9. സർക്കാർ നൽകുന്ന വാർത്തകളെ സുതാര്യതയോടെ സാമൂഹികമാധ്യമങ്ങളിലൂടെ ജനങ്ങളിൽ പ്രചരിപ്പിക്കൽ
10. ഐസൊലേഷൻ വാർഡ്, പൊതുയിടങ്ങൾ എന്നിവയുടെ ശുചീകരണം

11. കൊവിഡ് സാഹചര്യത്തിൽ നടത്തിയ എഞ്ചിനിയറിങ്, ഫാർമസി പ്രവേശന പരീക്ഷ (KEAM) എഴുതാനെത്തിയ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സഹായമായി യുവജന കമ്മീഷന്റെ സന്നദ്ധപ്രവർത്തകർ സജീവമായി ഇടപെട്ടു.

12. ജീവൻരക്ഷാമരുന്നുകൾ ഫയർ ഫോഴ്സിന്റെ സഹായത്തോടെ തിരുവനന്തപുരം RCC യിൽ നിന്നും കാസർഗോഡ് എത്തിച്ച് നൽകി

13. ലോക്ക്ഡൌൺ സമയത്ത് കർണാടകയിലെ മംഗലാപുരത്തുള്ള കാൻസർ രോഗിക്ക് മരുന്ന് എത്തിച്ച് നൽകി.

2021-22-23

1 സെറിബ്രൽ പാൾസി എന്ന രോഗം ബാധിച്ച് ചികിത്സയിൽ തുടരുന്ന പരാതികക്ഷികളുടെ ഒന്നേമുക്കാൽ വയസ്സുള്ള മകന് മലയാറ്റൂർ ജീവധാര ആശുപത്രിയിൽ മാസത്തിൽ 24 ദിവസവും ചികിത്സിക്കേണ്ടതുണ്ട്, എന്നും ആയതിന് മാസം തോറും 30000 രൂപ ആവശ്യമാണെന്നും മൂന്ന് വർഷത്തെ ചികിത്സ ആവശ്യമാണെന്ന് ഡോക്ടർ അറിയിച്ചിട്ടുള്ളതായുമുള്ള സാഹചര്യം പരിഗണിച്ച് കുഞ്ഞിന്റെ തുടർ ചികിത്സയ്ക്ക് സഹായം നൽകണമെന്നാവശ്യപ്പെട്ടുള്ള ശ്രീക്കുട്ടി, അതുൽ എന്നിവരുടെ പരാതി അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാശ ചെയ്തിരുന്നു.

2 എസ്.എൻ.ഡി.പി. യോഗം ശതാബ്ദി സ്മാരക കോളേജ്(പെരിന്തൽമണ്ണ) പ്രിൻസിപ്പൽ മുഴുവൻ സമയവും കോളേജിൽ ഹാജരാകുന്നില്ല എന്ന പരാതി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രിൻസിപ്പളിന്റെ പ്രത്യേക ശ്രദ്ധ കോളേജിന് ആവശ്യമായതിനാലും കൂടാതെ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്നും യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾ പാലിച്ച് കോളേജ് പ്രവർത്തിക്കണമെന്ന് കോളേജ് പ്രിൻസിപ്പാളിനും , പരീക്ഷ സമയങ്ങളിൽ പ്രത്യേകമായി ടാർഗറ്റ് ചെയ്ത് ഒന്നിലധികം തവണ വിവിധ അധ്യാപകർ പരിശോധിക്കുകയും ഹാൾ ഷഫിൾ ചെയ്ത് മറ്റ് റൂമിലേയ്ക്ക് മാറ്റിയിരുത്തിയിട്ടുള്ളതായും അതുപോലെ തന്നെ, ബോയ്സ്, ഗേൾസ് എന്നെഴുതി പ്രത്യേകമായി വിദ്യാർത്ഥികളെ ക്യാമ്പസ് പരിസരത്ത് വേർതിരിച്ചിരുത്തുന്നതായും ഇത് കുട്ടികൾക്ക് മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്നതായുള്ള പരാതിയിന്മേലും രാവിലെ ഹാജരാകാത്ത കാരണം പറഞ്ഞ് ഉച്ചയ്ക്ക് ശേഷം ഹാജരായാലും അറ്റൻഡൻസ് നൽകാതിരിക്കുകയും പരാതി നൽകുമ്പോൾ മറ്റാരോപണങ്ങൾ പറഞ്ഞ് അധ്യാപകരോട് മോശമായി പെരുമാറി എന്നാരോപിച്ച് സ്ത്രീത്വത്തെ അപമാനിച്ചു എന്ന് വരെ പറഞ്ഞ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു എന്നുമുള്ള വിദ്യാർത്ഥികളുടെ ആരോപണത്തിന്റെ അടിസ്ഥാനത്തിലും ഭാവിയിൽ വിദ്യാർത്ഥി വിരുദ്ധ പ്രവർത്തനങ്ങൾ ടി കോളേജിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ വേണ്ട നിർദ്ദേശം സർവ്വകലാശാല തലത്തിൽ നൽകണമെന്ന് കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർക്കും കമ്മീഷൻ നിർദ്ദേശം നൽകി

3 മരുന്ന് വിതരണത്തിന് ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുകൾ അത്യാവശ്യമാണ്. എന്നാൽ, ഇടുക്കി ജില്ലയിലെ കാരിക്കോട്, വണ്ണപ്പുറം, വെള്ളിയാമറ്റം, പുറപ്പുഴ, അറക്കുളം, വട്ടവട എന്നീ ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ല എന്നും, നിലവിൽ ടി സ്ഥാപനങ്ങളിൽ ഡിസ്പെൻസർ തസ്തികയാണ് അനുവദിച്ചിരിക്കുന്നത് എന്നും, ടി തസ്തികയിൽ ഉള്ളവരാണ് നിലവിൽ ടി സ്ഥാപനങ്ങളിൽ മരുന്ന് കൊടുക്കുന്നത് എന്നും ഇതുമൂലം യുവജനങ്ങൾക്കുള്ള തൊഴിൽ സാധ്യതകളാണ് ഇല്ലാതാകുന്നത് എന്നുമുള്ള പരാതി കമ്മീഷൻ പരിഗണിക്കുകയും അതിന്റെ ഗൌരവം കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിന്മേൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിക്ക് കമ്മീഷൻ ശുപാർശ ചെയ്യുകയും ചെയ്തു.

4 കെ.എസ്.ഇ.ബി. സ്പെഷ്യൽ റൂൾ പ്രകാരം നിയമന പ്രായപരിധിയിൽ മാറ്റം വരുന്നതുസംബന്ധിച്ച് ശ്രീ. സജിത്ത് കൃഷ്ണൻ ജി കമ്മീഷന് സമർപ്പിച്ച പരാതിയിൽ കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി 36 ൽ

നിന്നും 30 ആയി കുറയ്ക്കുന്നത് 2013 ന് മുമ്പ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദം, ഡിപ്ലോമ, ഐ.ടി.ഐ. എന്നിവ പൂർത്തിയായവർക്ക് വരുന്ന നിയമന പരീക്ഷയിൽ അപേക്ഷിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാക്കുമെന്ന് ബോധിപ്പിച്ചിരുന്നു. സ്പെഷ്യൽ റൂൾസിന്റെ കരട് രേഖയിൽ ഇത്തരം മാറ്റം ഉൾപ്പെടുത്തുന്നത് ഉദ്യോഗാർത്ഥികളെയാകെ ബാധിക്കുന്നതാണ്. ആയതിനാൽ, പരാതിയിലെ വിഷയം അനുഭാവപൂർവ്വം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ഇ.ബി സെക്രട്ടറിയോട് കമ്മീഷൻ ശുപാർശ ചെയ്തു.

5 വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച് അവയവങ്ങൾ ദാനം ചെയ്ത അനുജിത്തിന്റെ കുടുംബത്തിന് ജീവിക്കാൻ വരുമാനമാർഗങ്ങൾ ഇല്ല എന്ന് ടി അനുജിത്തിന്റെ വിധവ സമർപ്പിച്ച പരാതിയിൽ ബോധിപ്പിച്ചിട്ടുണ്ട്. അമ്മയും 4 വയസ്സുള്ള മകനും അടങ്ങുന്ന കുടുംബത്തിന് ഒരു വരുമാന മാർഗം ആവശ്യമാണ്. ഈ സാഹചര്യത്തിൽ പരാതിയിലെ വസ്തുതകൾ പരിശോധിച്ച് ടി വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാതിക്കക്ഷിക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിക്ക് കമ്മീഷൻ ശുപാർശ ചെയ്തു.

6 ആരോഗ്യമേഖലയിലെ ഉപകരണങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുകയും ശരിയായി നിലനിർത്തുകയും ചെയ്യുന്ന ബയോമെഡിക്കൽ എഞ്ചിനീയർമാരുടെ സേവനം ശരിയായ ചികിത്സ നൽകുന്നതിനും രോഗിയുടെ അതിജീവനത്തിനും അത്യന്താപേക്ഷിതമാണ്. ആശുപത്രികളിൽ 250 ബെഡിന് ഒരു ബയോമെഡിക്കൽ സ്റ്റാഫ് ആവശ്യമാണ്. എന്നാൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങളിലൂടെയാണ് ഈ മേഖല പ്രവർത്തിക്കുന്നത്. ആയതിനാൽ പൊതുജനാരോഗ്യ സംരക്ഷണത്തിന് അനിവാര്യമായ ബയോമെഡിക്കൽ സ്റ്റാഫ് തസ്തികകൾ സൃഷ്ടിച്ച് പി .എസ്.സി നിയമനം നടത്താൻ സാധിക്കുമോ എന്നത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ശുപാർശ നൽകി.

7 കോവിഡ് മഹാമാരി മൂലം ദുരിതമനുഭവിക്കുന്നവർക്കും മാനസിക പിരിമുറുക്കം അനുഭവിക്കുന്നവർക്കും മാനസിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ ക്രൈസ്റ്റ് കോളേജിൽ വെച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഡിഫൻസ് ഫോർസിന്റെ നേതൃത്വത്തിൽ ടെലി കൗൺസിലിംഗ് സംഘടിപ്പിച്ചു. 1319 കോവിഡ് ബാധിതരായ വ്യക്തികളെ ടെലി കൗൺസിലിംഗിന്റെ ഭാഗമായി സമീപിക്കുകയും അതിൽ 311 പേർക്ക് മാനസികമായ പിൻതുണ നൽകുകയും ചെയ്തു. 183 വ്യക്തികളെ രണ്ടിൽ അധികം തവണ ഫോണിൽ വിളിച്ച് മാനസിക പിരിമുറുക്കങ്ങൾക്ക് അയവ് വരുത്താൻ സാധിച്ചു.

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമം തടയുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ 'സഖി വൺ സ്റ്റോപ്പ് സെന്റർ', "International Day for Elimination of all Kind of Violence Against Women" എന്നതുമായി ബന്ധപ്പെട്ട് നവംബർ 25 മുതൽ ഡിസംബർ 10 വരെ നടത്തിയ വിവിധ തരം പരിപാടിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ സഹകരിക്കുകയും വുമൺ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശ്ശൂർ സംയുക്തമായി വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചു കൊണ്ട് സംവാദം, സൗഹൃദ നടത്തം എന്നിവ സംഘടിപ്പിക്കുകയും ചെയ്തു.



സെക്ഷൻ ഓഫീസർ